# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:975 28.04.2017 ൽ മറുപടിയ്ക്ക്

## രാജമാണിക്യം, നിവേദിത പി. ഹരൻ റിപ്പോർട്ടുകൾ

**ചോദ്യം**
ശ്രീ.എസ്.രാജേന്ദ്രൻ

**മറുപടി**
ശ്രീ.ഇ. ചന്ദ്രശേഖരൻ
(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) | ശ്രീ.രാജമാണിക്യം ഐ.എ.എസിന്റെ റിപ്പോർട്ട് സംബന്ധിച്ച് റവന്യൂ വകുപ്പിന്റെ നിലപാട് എന്താണെന്ന് വ്യക്തമാക്കാമോ; ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടികൾ എന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; ഉണ്ടെങ്കിൽ എന്ത് നടപടിയാണ് സ്വീകരിച്ചിരിക്കുന്നത്; ഇല്ലെങ്കിൽ ആവശ്യമായ നടപടി സ്വീകരിക്കാമോ; | (എ) രാജമാണിക്കം കമ്മീഷൻ റിപ്പോർട്ടിലെ പ്രധാന ശുപാർശയായ, സർക്കാർ ഭൂമി തിരിച്ചെടുക്കുന്നതിന് സമഗ്രമായ നിയമ നിർമ്മാണം നടത്തുക എന്ന വിഷയം സർക്കാർ പരിശോധിച്ച് വരുന്നു. |
| (ബി) | മൂന്നാറിൽ കയ്യേറ്റമായി കണ്ടെത്തിയ ഭൂമിയുടെ അളവ് എത്രയാണെന്ന് വ്യക്തമാക്കാമോ; ദേവികുളം സബ്കളക്ടർ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഒഴിപ്പിച്ച കയ്യേറ്റങ്ങൾ എത്രയാണെന്ന് വ്യക്തമാക്കാമോ; ശ്രീമതി നിവേദിത പി.ഹരന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ദേവികുളം സബ്കളക്ടർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (ബി) മൂന്നാറിൽ കൈയ്യേറ്റമായി കണ്ടെത്തിയ ഭൂമിയുടെ അളവ് എത്രയെന്ന് തിട്ടപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നതാണ്. ദേവികുളം സബ് കളക്ടർ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിവിധ ഓഫീസുകൾ വഴി 39 കയ്യേറ്റങ്ങൾ ഒഴിപ്പിച്ചിട്ടുണ്ട്. ശ്രീമതി. നിവേദിത പി.ഹരൻ ഐ.എ.എസ്.ന്റെ റിപ്പോർട്ടിലെ ശുപാർശയുടെ അടിസ്ഥാനത്തിൽ സർക്കാർ 16-02-2015 ൽ 69/2015/ആർ.ഡി നമ്പറായി പുറപ്പെടുവിച്ച ഉത്തരവു പ്രകാരവും ലാന്റ് റവന്യൂ കമ്മീഷണറുടെ 17-12-2015 ലെ എൽ.ആർ(കെ.3)-17374/17 നമ്പർ നടപടിക്രമത്തിലെ നിർദ്ദേശപ്രകാരവും അഞ്ചുനാട് വില്ലേജുകളിലെ തണ്ടപ്പേർ പരിശോധനയുടെ ഭാഗമായി കൊട്ടാക്കമ്പൂർ വില്ലേജിലെ 33 തണ്ടപ്പേർ കക്ഷികൾക്ക് ഭൂമിയുടെ ഉടമസ്ഥതയ്ക്ക് ആസ്പദമായ രേഖകൾ സഹിതം ഹാജരാകുവാനാവശ്യപ്പെട്ട് നോട്ടീസുകൾ നൽകിയിരുന്നു. 03-09-2016, 29-09-2016 എന്നീ തീയതികളിൽ രേഖകൾ ഹാജരാക്കുവാനാവശ്യപ്പെട്ടാണ് നോട്ടീസുകൾ നൽകിയിരുന്നത്. എന്നാൽ ടി ദിവസങ്ങൾ തണ്ടപ്പേർ |

| | | |
|---|---|---|
| | | കക്ഷികളാരും രേഖകൾ പരിശോധനകൾക്കായി ഹാജരാക്കിയിട്ടില്ലാത്തതും, ടി രണ്ടു ദിവസവും ദേവികുളം റവന്യൂ ഡിവിഷൻ ഓഫീസിനു മുൻപിൽ കേരള കർഷക സംഘത്തിന്റെ നേതൃത്വത്തിൽ ഉപരോധസമരം നടത്തുകയും ഉണ്ടായിട്ടുള്ളതാണ്. |
| (സി) | 2011 മുതൽ 2016 വരെയുള്ള സർക്കാരിന്റെ കാലത്ത് ദേവികുളം താലൂക്കിൽ ഉയർന്ന അനധികൃത ബഹുനില കെട്ടിടങ്ങൾ എത്രയെന്ന് വ്യക്തമാക്കാമോ; അനധികൃത കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് ഒത്താശ ചെയ്ത ഉദ്യോഗസ്ഥരുടെ വിവരങ്ങൾ സർക്കാരിന്റെ പക്കൽ ഉണ്ടോ; ഉണ്ടെങ്കിൽ അത്തരക്കാരായ ഉദ്യോഗസ്ഥർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചിരിക്കുന്നത്; ഇല്ലെങ്കിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; | (സി) 2011 മുതൽ 2016 വരെയുള്ള സർക്കാരിന്റെ കാലയളവിൽ അനധികൃതമായി നിർമ്മിച്ചിട്ടുള്ള ബഹുനില കെട്ടിടങ്ങളുടെ എണ്ണം സംബന്ധിച്ച് കൃത്യമായ കണക്ക് ലഭ്യമല്ലാത്തതും ആയതുസംബന്ധിച്ച് കണക്കെടുക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നതുമാണ്. അനധികൃത കെട്ടിട നിർമ്മാണങ്ങൾ ഉദ്യോഗസ്ഥരുടെ ഒത്താശയോടെയാണോ നടന്നിട്ടുള്ളത് എന്ന് പരിശോധിച്ച് വരുന്നു. |
| (ഡി) | ദേവികുളം താലൂക്കിൽ കെ.ടി.എച്ച്. വില്ലേജിലെ കട്ടിയാർവാലി, ദേവികുളം ടൗൺ, മൂന്നാർ, മാട്ടുപ്പെട്ടി, വട്ടവട എന്നീ സ്ഥലങ്ങളിൽ കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ നൽകിയ പട്ടയവുമായി ബന്ധപ്പെട്ട് ഏതെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എന്ത് തടസ്സമാണ് നിലനിൽക്കുന്നത്; തടസ്സങ്ങൾ പരിഹരിച്ച് ഭൂമി ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കുമോ? | (ഡി) ദേവികുളം താലൂക്കിൽ കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് നൽകിയ ചില പട്ടയങ്ങളിൽ ഉൾപ്പെട്ട ഭൂമി മറ്റ് ആളുകൾ കയ്യേറി കൈവശം വച്ചിരിക്കുന്നതിനാൽ യഥാർത്ഥ പട്ടയകക്ഷിക്ക് ഭൂമി കൈവശപ്പെടുത്തിക്കൊടുക്കുവാൻ സാധിച്ചിട്ടാത്തതാണ്. ഇക്കാര്യത്തിൽ വിശദമായ അന്വേഷണം നടത്തി പട്ടയ കക്ഷികൾക്ക് ടി ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ